LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2005 ജൂലായ് 25, തിങ്കൾ

നിയമസഭ 2005 ജൂലായ് മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

ചോദ്യം 313.

പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ നടപടി

* 1 [313] **ശ്രീ. തമ്പാനൂർ രവി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ സൂക്ഷിക്കുന്നതിന് സ്ഥലസൗകര്യമില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി **(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):** സർ,

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നുണ്ട്.

ശ്രീ. തമ്പാനൂർ രവി: സർ, ഇത്തരത്തിലൊരു മറുപടി എഴുതിക്കൊടുത്ത ഡിപ്പാർട്ടുമെന്റിന് അവാർഡു കൊടുക്കണം. വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് 'ഉണ്ട്' 'സ്വീകരിക്കുന്നുണ്ട്'. ഇതാണ് മറുപടി, അങ്ങനെ പരിഹസിക്കപ്പെടേണ്ട ഒരു വിഷയമാണോ ഇത്? അത് എം.എൽ.എ.-മാരെ ആക്ഷേപിക്കുന്നതിനു തുല്യമാണ്. ഇവിടുത്തെ വിഷയം, മോട്ടോർ വെഹിക്കിൾസ് ആക്ട് 2003 അനുസരിച്ചും ടാക്സ് ആക്ട് 11 അനുസരിച്ചും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ പരിശോധിക്കും. അങ്ങനെ പരിശോധിച്ച് കേസും പെർമിറ്റുമൊക്കെ

അടയ്ക്കാത്തവരോട് അടയ്ക്കാൻ പറയും. ഇങ്ങനെ പരിശോധിക്കുന്ന വാഹനങ്ങൾക്ക് പെർമിറ്റില്ലെങ്കിലോ ടാക്സ് അടച്ചിട്ടില്ലെങ്കിലോ ഈ വാഹനങ്ങൾ അടുത്ത പോലീസ് സ്റ്റേഷനിൽ എത്തിക്കണമെന്നാണ് പറയുന്നത്. അവിടെ എത്തിച്ച് മഹസ്സർ തയ്യാറാക്കിയാൽ, ഈ വാഹനങ്ങളുടെ കസ്റ്റോഡിയൻ പോലീസാണ്. പോലീസ് സ്റ്റേഷനിൽ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമേ ഈ വണ്ടികൾ തിരികെ കൊടുക്കുകയുള്ളൂ. ഇവിടുത്തെ സ്ഥിതി എന്താണ്? ഒരു മോട്ടോർ വെഹിക്കിൾ ചെക്കിംഗ് യൂണിറ്റിന് 10 ചെക്ക് റിപ്പോർട്ട് എഴുതണം. ഇപ്പോൾ വാഹനങ്ങൾ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയാൽ അവിടെ ഇടാൻ സ്ഥലമില്ല. അതു കാരണം പരിശോധന നിർത്തിവച്ച് റവന്യൂ ലോസ് ഉണ്ടാക്കുന്നു. നാഷണൽ ഹൈവേ—കന്യാകുമാരി റൂട്ടിൽ, നേമം പോലീസ് സ്റ്റേഷൻ, ബാലരാമപുരം, പാറശ്ശാല, വെള്ളറട, കള്ളിക്കാട് ഈ പ്രദേശങ്ങളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ റോഡിൽ സൂക്ഷിക്കുന്നതു കാരണം അപകടമുണ്ടാകുകയാണ്. ഗവൺമെന്റ് ഈ സഭയിൽ പറഞ്ഞതനുസരിച്ച് ഒരു ദിവസം പുറത്തു പോകുന്ന ആളുകളിൽ 10 പേർ തിരിച്ചു വരുന്നില്ല. അതിനു പ്രധാന കാരണം, വാഹനങ്ങൾ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ റോഡിൽ സൂക്ഷിക്കുന്നതിന്റെ ഫലമായി അപകടമുണ്ടാകുന്നതാണ്. സമയബന്ധിതമായി ഈ വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം. കുറ്റം ആരോപിച്ച് പിടിക്കപ്പെട്ട വാഹനങ്ങളുടെ കാര്യത്തിൽ, ഒന്നുകിൽ സ്പീഡി ഡിസ്പോസൽ അല്ലെങ്കിൽ അതു സൂക്ഷിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് പരിമിതികളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. സ്ഥലം എടുക്കുന്നതിന് 2004 ഒക്ടോബർ മാസം 11, 12 തീയതികളിലായി നടന്ന കളക്ടർമാരുടെ കോൺഫറൻസിൽ, സ്ഥലം ഐഡന്റിഫൈ ചെയ്ത് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിനു നൽകണമെന്ന് തീരുമാനം എടുത്തിട്ടുണ്ട്. ആ ധാരണയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ശംഖുംമുഖത്ത് ഒന്നര ഏക്കർ സ്ഥലം വിട്ടുകിട്ടണമെന്നാവശ്യപ്പെടുകയും അതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതു മനസ്സിലാക്കാം. അതു പ്രധാനപ്പെട്ട ഒരുകാര്യമാണ്. ഗവൺമെന്റ് അതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി: സർ, സിറ്റിയിൽ മാത്രമല്ല റൂറൽ പ്രദേശത്തും ഈ പ്രശ്നമുണ്ട്. കേരളമൊട്ടാകെയുള്ള ഒരു വിഷയമാണിത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഹൈലെവൽ കോൺഫറൻസ് വിളിച്ചുകൂട്ടി, ഈ സ്റ്റേറ്റിനെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിലും ഗവൺമെന്റിന് റവന്യൂ ലോസ് ഉണ്ടാക്കുന്ന പ്രശ്നമെന്ന നിലയിലും കണ്ട് അതിന് പരിഹാരം കാണുന്നതിന് മൈംബൗണ്ട് പ്രോഗ്രാം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മൈംബൗണ്ട് പ്രോഗ്രാം നമ്മൾ ഉദ്ദേശിക്കുന്ന രീതിൽ നിൽക്കില്ല. കുറ്റകൃത്യങ്ങളുടെ ഗൗരവത്തിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ഈ വാഹനങ്ങൾ കസ്റ്റഡിയിൽ വയ്ക്കേണ്ട കാലഘട്ടവും മാറിക്കൊണ്ടിരിക്കും. കുറ്റകൃത്യത്തിന്റെ സ്വഭാവം വ്യത്യസ്തമാണ്. വാഹനങ്ങൾ പിടിച്ചെടുത്തതിനുശേഷം ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായി അടയ്ക്കേണ്ടി വന്നാൽ ആ വാഹനങ്ങൾ ഉടമസ്ഥർ തിരിച്ചെടുക്കാതെ ഉപേക്ഷിച്ചു പോകുകയാണ് ചെയ്യുന്നത്. കുറ്റകൃത്യമാണ് ഇതിനകത്തെ പ്രധാനപ്പെട്ട ബാരോമീറ്ററായി നിൽക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. എ. എ. അസീസ്: സർ, മോട്ടോർ വെഹിക്കിൾ നിയമം ലംഘിക്കുന്നതുകൊണ്ടു മാത്രമല്ല, ധാരാളം വാഹനങ്ങൾ ടാക്സ് അടയ്ക്കാത്തതുമൂലവും, കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ക്ലെയിം സെറ്റിൽ ചെയ്യാത്തതുമൂലവും, ജപ്തി നടപടികൾ മൂലവും പിടിക്കപ്പെടുന്നു. അങ്ങനെ പിടിച്ചെടുക്കുന്ന വാഹനങ്ങൾ കളക്ടറേറ്റിനു ചുറ്റുമായും പോലീസ് സ്റ്റേഷൻ പരിസരത്തുമായും ഇടുന്നു. അബ്കാരി ഡിപ്പാർട്ടുമെൻറ് വാഹനങ്ങൾ പിടിച്ചെടുത്ത് അവരുടെ ഓഫീസുകൾക്ക് ചുറ്റുമിട്ട് അവ നശിച്ചു പോകുന്ന ഒരു ഏർപ്പാടുണ്ട്. വാഹനങ്ങൾ സമയബന്ധിതമായി തിരിച്ചു കൊടുക്കുന്നതിനോ ഡിസ്പോസ് ചെയ്തു നടപടികൾ സ്വീകരിക്കുന്നതിനോ സമഗ്രമായ ഒരു നിയമം ഉണ്ടാക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പല രൂപത്തിൽപ്പെട്ട കേസ്സുകളിൽ പിടിച്ചെടുക്കുന്നതാണ് ഈ വാഹനങ്ങൾ. അബ്കാരി കേസ്സിൽ പിടിക്കുന്ന വാഹനങ്ങൾ അബ്കാരി ആക്ട് അനുസരിച്ചു മാത്രമേ സിസ്പോസ് ചെയ്യാനാകൂ. അതു കോടതിയാണ് തീരുമാനിക്കേണ്ടത്. ഇവിടെ ക്രിമിനൽ കേസ്സുകളിൽ confiscate ചെയ്യപ്പെടുന്ന വാഹനങ്ങൾ ആ ക്രിമിനൽ കേസ്സിലെ സി.ആർ.പി.സി. വ്യവസ്ഥയനുസരിച്ചു മാത്രമേ ഡിസ്പോസ് ചെയ്യാൻ കഴിയൂ. അതേ സമയം നേരത്തെ ബഹുമാനപ്പെട്ട തമ്പാനൂർ രവി ഇവിടെ സൂചിപ്പിച്ചതുപോലെ മോട്ടോർ വെഹിക്കിൾ ആക്ടിലെ 203-ാം വകുപ്പ് കേരള ടാക്സേഷൻ ആക്ടിലെ 11-ാം വകുപ്പ് എന്നിവയുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുന്ന വാഹനങ്ങളാണ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിന് കൈകാര്യം ചെയ്യാൻ കഴിയുന്നത്. ഗവൺമെൻറ് സ്ഥലമെടുത്ത് അതു സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ധൃതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കൽ ഇന്നു കാവൽക്കാരനെ കക്കാനും ആരേ ചെയ്ത കുറ്റത്തിന് പൊതുജനം ശിക്ഷിക്കപ്പെടാനും ഇടയാക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാക്കുന്നത്. പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ പ്രസൻറ് കണ്ടീഷൻ എന്താണെന്നുള്ളത് ഒരു മഹസ്സറിലും രേഖപ്പെടുത്തുന്നില്ല, അതുകൊണ്ട് നല്ല വാഹനങ്ങൾ കാലാന്തരത്തിൽ ചീത്ത വാഹനങ്ങളായി മാറുന്നു. അതിനു കൂട്ടു നിൽക്കുന്നതു കാവൽക്കാരാണ". അതുപോലെ സ്പിരിറ്റു പിടിച്ചു അന്നേരംതന്നെ അത് എത്രയുണ്ടെന്നു നിശ്ചയിക്കാത്തതുകൊണ്ട് അത് വെള്ളമാകുന്നു. ചന്ദനമരം വിറകാകുന്നു. അതുകൊണ്ട് ഈ വാഹനങ്ങളിൽ കൊണ്ടുപോകുന്ന സാധനങ്ങൾ പിടച്ചെടുമ്പോൾ സമയബന്ധിതമായി വണ്ടിയുടെയും സാധനത്തിന്റെയും നിജസ്ഥിതി രേഖപ്പെടുത്താനും, കഴിയുംവേഗം വാഹനങ്ങൾ ഡിസ്പോസ് ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെൻറിന് എന്തെങ്കിലും ചെയ്യാൻ കഴിയുക?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതിൽ മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ ലംഘനം അനുസരിച്ചുള്ള കാര്യങ്ങളാണ് ഈ ഡിപ്പാർട്ടുമെൻറിന്റെ പരിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. ക്രിമിനൽ കേസ്സുകളിലും മറ്റു പല കേസ്സുകളിലും പെട്ടു പിടിക്കപ്പെടുന്ന വാഹനങ്ങളുണ്ട്, ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന വാഹനങ്ങളുടെ ഡിസ്പോസലിനെക്കുറിച്ചു പറഞ്ഞ ഒരു കാര്യത്തിനു മാത്രം ഞാൻ മറുപടി പറയാം. ഇവിടെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന് ഒരു ബുദ്ധിമുട്ടുണ്ട്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ ഏക്സിക്യൂട്ടീവ് ഓഫീസേഴ്സിന്റെ അംഗസംഖ്യ വളരെ കുറവാണ്. പോലീസിലാണെങ്കിൽ പോലീസ് കോൺസ്റ്റബിൾസുണ്ട്. ഫോറസ്റ്റിലാണെങ്കിൽ ഫോറസ്റ്റു ഗാർഡുകളുണ്ട്. എക്സൈസിൽ എക്സൈസ് ഗാർഡുണ്ട്. പക്ഷേ അങ്ങനെയൊരു വിഭാഗം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലില്ല. ഇതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ചില ശുപാർശകളൊക്കെയുണ്ട്. പക്ഷേ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇവിടേയും ഗാർഡ്സിന്റെ അഭാവമുണ്ടെന്നുള്ള കാര്യം ഡിപ്പാർട്ടുമെന്റ് സമ്മതിക്കുന്നുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: സർ, നമ്മുടെ സംസ്ഥാനത്ത് പല ഡിപ്പാർട്ടുമെന്റുകളിലും confiscate ചെയ്ത വാഹനങ്ങളുണ്ട്. ഇങ്ങനെ കണ്ടുകെട്ടുന്ന വാഹനങ്ങളും ഡിസ്പോസ് ചെയ്യുന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിതന്നെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ആളുകളെ വിളിച്ച് ഒരു ഡിസ്കഷൻ നടത്തിയിരുന്നു. ചില നിയമങ്ങളിൽ ഉണ്ടായിരുന്ന പോരായ്മകളും പരിഹരിക്കപ്പെടേണ്ടതാണെന്ന് അന്ന് ഒരു തീരുമാനമെടുത്തു. അതിനെത്തുടർന്ന് എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങു പറഞ്ഞതു കറക്ടാണ്. ക്യാബിനറ്റിൽ അങ്ങും കൂടിയുണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളും ചെയ്യുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, കുറ്റകൃത്യങ്ങളും നടത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങളും കണ്ടുപിടിക്കുന്നതിന് മോട്ടോർ വെഹിക്കിൾസ് ഉദ്യോഗസ്ഥൻമാർക്ക് എന്തെങ്കിലും ആധുനിക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിദേശങ്ങളിൽ ഉള്ളതുപോലെ ഹൈവേയിൽ വയ്ക്കുന്ന ക്യാമറ സിസ്റ്റം ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വളരെ വർഷങ്ങൾക്ക് മുമ്പുള്ള മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ചുള്ള qualifications-മായി കടന്നു വരുന്ന MVI മാരേക്കാളും ആളുകൾക്ക് ആധുനികമായ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുതകുന്ന പരിശീലനം നൽകാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിനെക്കുറിച്ചുള്ള ചില സ്റ്റഡീസൊക്കെ നടന്നിട്ടുണ്ട്. ഇവിടെ KSTP-യുടെ കൺസൾട്ടൻറായ VICRODS-ന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു വലിയ ഭാഗം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ നവീകരണവുമായി ബന്ധപ്പെട്ടു വരുകയാണ്, ഞാൻ മനസ്സിലാക്കുന്നത്. അതു സംബന്ധിച്ച് അവരുടെ ചില നിർദ്ദേശങ്ങളും നിലവിലുണ്ട്.

ശ്രീ. എ. സി. ജോസ്: സർ, പിടിച്ചെടുത്ത മോട്ടോർ വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലെന്നുള്ളതു മാത്രമല്ല, യാത്രയുടെ സുരക്ഷിതത്വവും, യാത്രാ വാഹനങ്ങളുടെ സുരക്ഷിതത്വവും ഉറപ്പാക്കാൻ കഴിയാത്തതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ആളുകൾ അപകടത്തിൽപ്പെടുകയാണ്. ഇന്നലെ തൃശ്ശൂരിൽ കൊടകര നിന്നും മാളയ്ക്കു പോയ ഒരു കെ. എസ്. ആർ. ടി. സി. ബസ്സിന്റെ അടിത്തട്ട് തകർന്ന് ആറു വയസ്സുകാരനായ ജോയൽ എന്ന കുട്ടി അപകടത്തിൽ പെടുകയും കഷ്ടിച്ച് ജീവൻ രക്ഷപ്പെടുന്ന സ്ഥിതിയുണ്ടാവുകയും ചെയ്തു. മതിയായ രേഖകളില്ലാത്തതും സുരക്ഷിതത്വം ഉറപ്പാക്കാത്തതുമായ യാത്രാവാഹനങ്ങൾ ഉൾപ്പെടെ പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ല എന്നുള്ളതിന്റെ പേരിൽ നടപടി ഒഴിവാക്കുന്ന സമീപനമാണോ ഗവൺമെന്റ് സ്വീകരിക്കുന്നത്; ഇതിനു കർശനമായ നടപടിയുണ്ടാകുമോ എന്നു വ്യക്തമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ കറക്ടാണ്. ഞാൻ അതിൽ ദുഃഖം രേഖപ്പെടുത്തുകയാണ്. കെ. എസ്. ആർ. ടി. സി. ബസ്സിന്റെ ഫ്ലോറ് ഫോമിലുണ്ടായ ദ്വാരത്തിലൂടെ താഴേയ്ക്കു പതിച്ചാണ് ജോയൽ എന്ന കുട്ടിക്ക് അപകടം സംഭവിച്ചത്. അങ്ങനെ സംഭവിക്കരുതായിരുന്നു. ആ സംഭവത്തിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുകയാണ്. അതിൽ കുറ്റക്കാർ ആരാണെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ സി. മോയിൻകുട്ടി: സർ, വിവിധതരം കുറ്റകൃത്യങ്ങളുടെ പേരിലാണ് വിവിധ ഡിപ്പാർട്ടുമെന്റുകൾ വാഹനങ്ങൾ പിടിച്ചെടുക്കുന്നത്. ഇതിൽ പ്രധാനമായും ടാക്സ് അടയ്ക്കാത്തതുകൊണ്ട്, കൊലപാതകവുമായി ബന്ധപ്പെട്ട്, അനധികൃതമായി മണൽ വെട്ടിക്കൊണ്ടുപോകുന്നതു സംബന്ധിച്ച്, ചന്ദനം കടത്തുന്നത് സംബന്ധിച്ച് തുടങ്ങി വ്യത്യസ്ത കേസ്സുകളിലാണ് വണ്ടി പിടിച്ചെടുക്കുന്നത്. അതുപോലെ ബ്ലേഡ് കമ്പനിക്കാർ ലോൺ കൊടുത്തിട്ട് പിറേറ ദിവസം തന്നെ ലോൺ അടയ്ക്കുന്നില്ലെന്നു പറഞ്ഞും വാഹനങ്ങൾ പിടിച്ചെടുക്കാറുണ്ട്. ഇങ്ങനെ പിടിച്ചെടുക്കുന്ന വാഹനങ്ങൾ അനേകവർഷം കെട്ടിക്കിടക്കുന്ന ഒരവസ്ഥയാണുള്ളത്. ഇവ ഗവൺമെന്റിനോ വണ്ടിയുടെ ഉടമസ്ഥനോ മുതലാകാത്തവിധം നശിച്ചുപോകുന്നത് തടയുന്നതിനുവേണ്ടി,—പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട ഒരു കാര്യമായതുകൊണ്ട്—പോലീസ് ഡിപ്പാർട്ടുമെന്റുമായി co-ordinate ചെയ്തുകൊണ്ട് ജാമ്യത്തിൽ വിടുമ്പോൾ പണം കെട്ടിവയ്ക്കുന്നതുപോലെ വാഹനത്തിന് ആനുപാതികമായ സംഖ്യ കെട്ടിവച്ചുകൊണ്ട് തിരിച്ചുകൊടുക്കുവാനോ അല്ലെങ്കിൽ മറ്റ് സംവിധാനങ്ങൾ കൊണ്ടുവരാനോ അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോടതിയുടെ തൊണ്ടിമുതലായിട്ടുവരുന്ന കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന് ഇക്കാര്യങ്ങൾ നേരിട്ട് ചെയ്യാനുള്ള പരിമിതികൾ വളരെ കൂടുതലാണ്. തൊണ്ടിമുതലായി വരുന്നത് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സൂക്ഷിക്കേണ്ടി വരുക. ഇത് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റുമായി ബന്ധമുള്ളതല്ല മാത്രമല്ല ഞാൻ നേരത്തെ സൂചിപ്പിച്ചു, മറ്റു പല ഓഫൻസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലല്ല വരുന്നത്, അത് കോടതിയുടെ തൊണ്ടി സാധനങ്ങളായിട്ടാണ് വരുന്നത്. അതുകൊണ്ട് അതിന് പ്രത്യേകമായ ചർച്ചയാണ് ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, കുറ്റകൃത്യങ്ങളിൽപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതുമായി മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന് യാതൊരു ബന്ധവുമില്ല. ഇത് കോടതിയുടെ പരിഗണനയിൽ വരുന്ന കാര്യമാണ്. പക്ഷെ നിയമത്തിൽ ചില വ്യവസ്ഥകളുണ്ടാക്കിയാൽ മാറ്റമുണ്ടാക്കാൻ സാധിക്കും. ഉദാഹരണത്തിന് എക്സൈസ് വകുപ്പിൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കോടതികളാണ് ഇത് തിരിച്ചുകൊടുക്കുന്നതെങ്കിലും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്വമെന്ന് പറയുന്നത് വണ്ടിയുടെ കണ്ടീഷൻ പരിശോധിക്കണമെങ്കിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടാമെന്നുള്ളതല്ലാതെ, സാങ്കേതികത്വം ആവശ്യപ്പെടാമെന്നുള്ളതല്ലാതെ, അത് അവരുടെ പരിധിയിൽ വരുന്നതല്ല. ഇത് co-ordination ഇല്ലാത്തതുകൊണ്ട് ഉണ്ടായിരിക്കുന്ന ഒരു പ്രശ്നമാണ്. ഇപ്പോൾ ഫോറസ്റ്റ് വകുപ്പ്, പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ് ഈ വകുപ്പുകളാണ് ഏറ്റവും കൂടുതൽ വാഹനങ്ങൾ പിടിച്ചെടുക്കുന്നത്. ടാക്സ് ഒടുക്കാത്ത വാഹനങ്ങൾ മാത്രമേ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് പിടിച്ചെടുക്കുകയുള്ളൂ. അത് ടാക്സ് ഒടുക്കിയാൽ ഉടനെ വണ്ടി തിരിച്ചുകൊടുക്കുകയും വേണം. അതിൽ കോടതി ഇടപെടേണ്ട. അതുകൊണ്ട് ഒരു co-ordination ഉണ്ടാക്കാൻ, ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിനെ ഇതിന്റെ ചുമതല ഏൽപ്പിക്കേണ്ടതും ഒരു നിയമ നിർമ്മാണം കൊണ്ടുവരേണ്ടതും ആവശ്യമാണ്. ഇതാണ് ശ്രീ. ടി. എം. ജേക്കബ് ഇവിടെ സൂചിപ്പിച്ചത്. ഈ വാഹനങ്ങൾ വിട്ടുകൊടുക്കുന്നതിന് തുക കെട്ടിവയ്ക്കുകയും ജാമ്യം ഏർപ്പെടുത്തുകയും ചെയ്യുന്നതുൾപ്പെടെ വ്യവസ്ഥ ചെയ്യാൻവേണ്ടി ഒരു പൊതു നിയമം കൊണ്ടുവരണം. ഇപ്പോൾ ഇവിടെ പല നിയമങ്ങളും ഒന്നിപ്പിക്കുന്ന സംഭവം നടന്നുകൊണ്ടിരിക്കുകയാണല്ലോ. അപ്പോൾ ഈ ഡിപ്പാർട്ടുമെന്റിലും ഒരു പൊതുനിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് വച്ചിരിക്കുന്നത്. ആ നിർദ്ദേശത്തിന്റെ എല്ലാ aspects-ഉം പരിശോധിച്ചതിനുശേഷം പരിഗണിക്കാം.

ശ്രീ. എ. സുജനപാൽ: സർ, കുറ്റകൃത്യങ്ങൾ ചെയ്തതുമൂലമാണല്ലോ വണ്ടികൾ പിടിച്ചെടുക്കപ്പെടുന്നത്. കുറ്റകൃത്യങ്ങളിൽപ്പെടാത്ത വാഹനങ്ങൾ വെറുതെ കിടക്കുന്ന ചില വകുപ്പുകളുണ്ട്. ഉദാഹരണത്തിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റ്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിലാണ് ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നത്. അതു പരിഹരിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ റവന്യൂ വകുപ്പിലും എക്സൈസ് വകുപ്പിലും ധാരാളം വാഹനങ്ങൾ വെറുതെ കെട്ടിക്കിടക്കുകയാണ്. അത് ഡിസ്പോസ് ചെയ്യാൻ നിർദ്ദേശം നൽകാൻ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന്റെ റോൾ മാത്രമേ ഞങ്ങൾക്ക് ചെയ്യാൻ കഴിയുകയുള്ളൂ. അതിൽ വാഹനത്തിന്റെ കാലാവധി കഴിഞ്ഞിട്ടും ഓടുന്ന വണ്ടികളുണ്ട്. 15 വർഷം കഴിഞ്ഞത് ഓടുകയാണെങ്കിൽ അത് നമുക്ക് പരിശോധിക്കാൻ പറ്റും. അതോടൊപ്പംതന്നെ ടൂറിസ്റ്റ് ടാക്സിയുടെ അതിന്റെ കാലാവധി കഴിഞ്ഞതിനുശേഷം ഓടുകയാണെങ്കിൽ അത് പരിശോധിക്കാൻ കഴിയും. അങ്ങനെ നിയമത്തിൽ പറഞ്ഞിട്ടുള്ള പരിധി കഴിഞ്ഞിട്ടും വാഹനം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുകയാണെങ്കിൽ മാത്രമേ അതിൽ ഇടപെടാൻ കഴിയുകയുള്ളു. അതോടൊപ്പം ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ സൂചിപ്പിച്ചതുപോലെ ടാക്സ് ഒടുക്കാത്തതു്, 207-ാം വകുപ്പിന്റെ ലംഘനം നടത്തുന്നതു് ഇതുപോലുള്ള പരിമിതമായ കാര്യങ്ങളിലേ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനു് ഇടപെടാൻ കഴിയുകയുള്ളു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ വരുന്ന നടപടികളെക്കുറിച്ചാണു് ഇവിടെ സജീവമായി ചർച്ച ചെയ്യുന്നതു്. അനധികൃതമായി സ്പിരിട്ടു് ഉൾപ്പെടെയുള്ള സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നതു സംബന്ധിച്ചു് പിടിക്കപ്പെടുന്ന നൂറുകണക്കിനു് വാഹനങ്ങളാണു് വിവിധ ഫോറസ്റ്റുകളിൽ കെട്ടിക്കിടക്കുന്നതു്. പിടിക്കുന്ന വാഹനങ്ങൾ എത്രയും പെട്ടെന്നു് ഡിസ്പോസ് ചെയ്യുന്നതിനുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ചു് ആലോചിക്കുമ്പോൾ ഇങ്ങനെ ട്രാൻസ്ഫർ ചെയ്തിട്ടുള്ള വാഹനങ്ങൾ പെട്ടെന്നു് വിട്ടുകൊടുത്താൽ ഇത്തരം പ്രവർത്തനങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടാകുക. അതുകൊണ്ടു് അതിനെ സംബന്ധിച്ചു് സമഗ്രമായ ഒരു പഠനം നടത്തിയതിനുശേഷം മാത്രമേ നടപടി സ്വീകരിക്കാവൂ. അതിനെ സംബന്ധിച്ചു് ഗവൺമെന്റു് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തൊണ്ടിസാധനങ്ങളാണു് ഡിസ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്നതെങ്കിൽ തൊണ്ടി സാധനങ്ങൾ ഡിസ്പോസ് ചെയ്യാൻ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനു് കഴിയില്ല. അതേ സമയം നമുക്കു് ചെയ്യാൻ കഴിയുന്ന ഒരു കാര്യം ഉടമകൾക്കു് നോട്ടീസ് കൊടുത്തു് നിശ്ചിത സമയത്തിനുശേഷവും വണ്ടികൾ അവർ കൊണ്ടുപോകുന്നില്ലെങ്കിൽ, വണ്ടികൾ ഉപേക്ഷിക്കപ്പെട്ട രൂപത്തിൽ ഇട്ടിരിക്കുകയാണെങ്കിൽ അതു് ലേലം ചെയ്തു് ഖജനാവിലേയ്ക്കു് മുതൽക്കൂട്ടുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിലുണ്ടു്. അതു് ഡിപ്പാർട്ടുമെന്റു് പരിഗണിക്കുന്നുണ്ടു്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, MACT കേസുകളിൽ തീർപ്പു വരുമ്പോൾ, പല സന്ദർഭങ്ങളിലും ഓടിക്കൊണ്ടിരിക്കുന്ന പുതിയ ബസ്സുകൾ പോലും ജപ്തി ചെയ്തുകൊണ്ടു് പോകുകയാണു്. വളരെ ദിവസങ്ങൾ കഴിഞ്ഞും കെ. എസ്. ആർ. ടി. സി. ഇതു് ക്ലിയർ ചെയ്യാത്ത സാഹചര്യമുണ്ടു്. എന്തായാലും MACT-യുടെ വിധിയുണ്ടായിക്കഴിഞ്ഞാൽ കെ. എസ്. ആർ. ടി. സി. പണമടയ്ക്കണം എന്നുള്ളതു് ഉറപ്പാണു്. അതുകൊണ്ടു് ജപ്തി ചെയ്യുന്ന സാഹചര്യത്തിലേക്കു് പോകാതെ അതിനു മുൻപുതന്നെ പണമടയ്ക്കുന്നതിനു് അടിയന്തിര നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതു് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റുമായി നേരിട്ടു് ബന്ധമുള്ള കാര്യമല്ല. ഇവിടെ നേരത്തെ പറഞ്ഞതു് ശരിയാണു്. MACT കേസുകളും വരുന്നുണ്ടു്. കേസുകളുടെവിധിയും ധാരാളം വരുന്നുണ്ടു്. കോടിക്കണക്കിനു രൂപ കെ. എസ്. ആർ. ടി. സി. ഈ ഇനത്തിൽ കൊടുത്തുതീർക്കേണ്ടതായിട്ടുണ്ടു്. പക്ഷേ, കെ. എസ് ആർ. ടി. സി.-യുടെ സാമ്പത്തിക സ്ഥിതിയനുസരിച്ചു് ഇതെല്ലാം ഒറയടിക്കു് കൊടുത്തുതീർക്കാൻ നിവൃത്തിയില്ല. കെ. എസ്. ആർ. ടി. സി.-യിൽ ഒരു കീഴ്വഴക്കമുണ്ടു്. നേരത്തേമുതലേ കോടതി വിധിയുണ്ടെങ്കിലും കോടതി വിധിച്ച തുകയേക്കാൾ കൂടുതലാണു് പലിശവരുന്നതു്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് പലിശ വേണ്ട കോടതിവിധിച്ച അസ്സൽ തുക മാത്രം മതിയെന്നു പറയുന്ന കേസ്സുകളിൽ ഈ തുക കൊടുത്ത് ഡിസ്പോസ് ചെയ്യാറുണ്ട്.

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ ആർ.ടി.ഒ. ആഫീസുകളിലും, എക്സൈസ് ആഫീസുകളിലും വാഹനങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള മൂന്ന് ആക്ടുകളും അതായത് മോട്ടോർ വാഹന ആക്ട്, കേരള അബ്കാരി ആക്ട്, കെ.പി. ആക്ട് ഈ മൂന്നു ആക്ടുകളിലും ഭേദഗതി വരുത്തിയാൽത്തന്നെ വാഹനങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും. അതുകൊണ്ട് ഈ ആക്ടുകൾ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, പിടിച്ചെടുത്ത വാഹനങ്ങൾ കൊണ്ടിടുന്നത് ജംഗ്ഷനുകളിലും റോഡ് സൈഡുകളിലുമൊക്കെയാണ്. അതൊക്കെ ട്രാഫിക് തടസ്സമുണ്ടാക്കുന്നുണ്ട്. പിടിച്ചുകൊണ്ടിട്ടിരിക്കുന്ന വണ്ടികളുടെ ഭാഗങ്ങൾ ഓരോന്നോരോന്നായി നഷ്ടപ്പെടുകയാണ്. അതുകൊണ്ട് പിടിച്ചെടുക്കപ്പെടുന്ന വണ്ടികൾ ഏതെങ്കിലും വിജനമായ സ്ഥലത്ത് സൂക്ഷിക്കാൻ പറ്റുമോ? പലരും അറിയാതെയാണ് ഈ സാധനങ്ങൾ കൊണ്ടുപോകുന്നത്. പിടിക്കുന്നതുപോലെത്തന്നെ വണ്ടിയുടെ സാധനങ്ങൾ നഷ്ടപ്പെട്ടാൽ അത് ഉടമസ്ഥർക്ക് തിരിച്ച് ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരത്തേ ഞാൻ ആൻസർ പറഞ്ഞതാണ്.

ശ്രീ. സ്പീക്കർ: അത് പറഞ്ഞുകഴിഞ്ഞു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, നിലവിലുള്ള നിയമങ്ങളുടെ കാലികമായ അപ്രായോഗികത കാരണമാണ് ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ട് വാഹനങ്ങൾ റോഡുകളിൽ സൂക്ഷിക്കേണ്ടിവരുന്നത്. ഇത് വ്യക്തികൾക്കായാലും ഗവൺമെന്റിനായാലും പൊതുവായിട്ടു തന്നെ ഒരുപാട് നഷ്ടം ഉണ്ടാക്കും. അതുകൊണ്ട് ഈ നിയമങ്ങൾ ആകെ സമഗ്രമായി പരിശോധിക്കുന്നതിന്, ഈ നിയമങ്ങളുടെ നടത്തിപ്പിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോൺഫറൻസ് വിളിച്ചുകൂട്ടണം. കേരളത്തിലെ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. 31.22 ലക്ഷം വാഹനങ്ങൾ കേരള സംസ്ഥാനത്ത് നിലനിൽക്കുകയാണ്: 6477 വാഹനങ്ങൾക്ക് ഒരു ജീവനക്കാരൻ എന്നുള്ള നിലയിലുള്ള ഒരു പ്രൊപ്പോർഷനാണ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലുള്ളത്. ആ പ്രയാസമാണ് ഡിപ്പാർട്ട്മെന്റ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പിടിച്ചെടുക്കുന്ന വാഹനങ്ങൾക്ക് ഉടമയിൽനിന്നും വാഹനത്തിന്റെ വിലയുടെ ഈക്വലന്റ് ബാങ്ക് ഗ്യാരന്റി സ്വീകരിച്ചുകൊണ്ട് കേസ് തീർപ്പാകുന്നതിനുമുമ്പുതന്നെ വാഹനങ്ങൾ വിട്ടുകൊടുക്കാൻ ഗവൺമെന്റ് നിയമനിർമ്മാണം നടത്തുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് മറ്റു പല ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യമാണ്. എനിക്ക് നേരിട്ട് അത് പറയാൻ സാധിക്കില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, വിലപിടിപ്പുള്ള ആനക്കൊമ്പ്, ചന്ദനം തുടങ്ങിയവയും അനധികൃതമായി ഉൽപ്പാദിപ്പിക്കുന്ന സ്പിരിറ്റ്, കഞ്ചാവ് തുടങ്ങിയ സാധനങ്ങളും നിരന്തരമായി കടത്തിക്കൊണ്ടുപോകുന്ന വാഹനങ്ങളോടും അത് ബോധപൂർവ്വം ചെയ്യുന്നവരോടും കോംപ്രമൈസ് പാടില്ല. പക്ഷേ നിരപരാധികളായ ഒരുപാട് ടാക്സി ഡ്രൈവർമാരും ഓട്ടോറിക്ഷാ ഡ്രൈവർമാരും ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്നുണ്ട്. ഇത്തരം സാധനങ്ങൾ ബാഗിൽ വാഹനത്തിൽ കയറ്റുകയും അനധികൃതമായ സാധനങ്ങളായതുകൊണ്ട് അത് പിടിച്ചെടുക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിലാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ സാഹചര്യത്തിൽ അവരുടെ വാഹനങ്ങളിൽ ഇങ്ങനെയുള്ള വസ്തുക്കൾ കൊണ്ടുപോകുന്നത് തടയാൻ ശാസ്ത്രീയമായി വല്ല മീറ്ററും ഘടിപ്പിക്കുന്ന കാര്യം ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് തീർച്ചയായും തടയാൻ കഴിയും എന്നാണ് എന്റെ വിശ്വാസം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ ചോദിച്ച ചോദ്യത്തിന്റെ മറുപടിയിൽ അപകടങ്ങളുമായി ബന്ധപ്പെട്ടുവരുന്ന കുറ്റങ്ങളെ സംബന്ധിച്ച് കർശനമായ നടപടിയെടുക്കും എന്നു പറയുകയുണ്ടായി. കേരളത്തിലെ മോട്ടോർ വെഹിക്കിൾസ് വകുപ്പിന്റെ നേതൃത്വത്തിൽ തന്നെ ആ അപകടങ്ങളെ സംബന്ധിച്ച് നിരവധി അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ജഡ്ജിയായിരുന്ന ശ്രീ. ഹരിഹോസിന്റെ നേതൃത്വത്തിലുള്ള ഒരു അന്വേഷണം. അതുപോലെതന്നെ ശ്രീ. കണ്ണന്താനത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട്. നേരത്തെ ഡി. ജി. പി. ആയിരുന്ന ശ്രീ. ജോസഫിന്റെ നേതൃത്വത്തിൽ അപകടങ്ങളെ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ട്. ഇത്തരം അന്വേഷണ റിപ്പോർട്ടുകളുടെ സ്ഥിതിയെന്താണ്; ആ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പല വിധത്തിലുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അപകടങ്ങൾ വർദ്ധിച്ചുവന്നപ്പോൾ മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽ വച്ചുതന്നെ റോഡ് സുരക്ഷിതത്വത്തിനുവേണ്ടി ഉന്നതതല കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. അതിൽ ട്രാൻസ്പോർട്ട് കമ്മീഷണർ ചെയർമാനായും പി. ഡബ്ല്യു. ഡി. യിലെ ചീഫ് എഞ്ചിനീയർ, അഡീഷണൽ ഡി. ജി. പി. ഇവരെല്ലാംകൂടി ചേർന്ന ഒരു കമ്മിറ്റി കേരളത്തിലെ ബ്ലാക്ക്സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്യുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള നിർദ്ദേശം കൊടുത്തു. അതിൽ 80 സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ടായിട്ട് ഐഡൻറിഫൈ ചെയ്തിട്ടുണ്ട്. റോഡ് സേഫ്റ്റി അതോറിറ്റി നിയമം ഗവൺമെൻറിൻെറ സജീവ പരിഗണനയിലാണ്. അതിൽ ട്രാൻസ്പോർട്ട് മിനിസ്റ്റർ ചെയർമാനായും പി.ഡബ്ലിയു.ഡി. മിനിസ്റ്റർ വൈസ് ചെയർമാനായും വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ അവരെല്ലാംകൂടി അംഗങ്ങളായിട്ടുള്ള ഒരു പ്രൊപ്പോസലാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇവിടെ ഇതിനോടകം ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. ഡിപ്പാർട്ടുമെൻറുകളുടെ കോ-ഓർഡിനേഷൻ ഇല്ലാത്തതാണ് യഥാർത്ഥത്തിലുള്ള പ്രശ്നം. പോലീസിൻേറയും എക്സൈസിൻേറയും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിൻേറയും കളക്ടർമാരുടേയും യോഗം രണ്ടു മാസം കൂടുമ്പോൾ നടക്കുന്നതുപോലെ ഓരോ പിരീഡ് അനുസരിച്ച് ജുഡീഷ്യറിയിൽനിന്നുള്ള ആളുകളെക്കൂടി പങ്കെടുപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട അംഗം ചോദിച്ചത് രണ്ടു ചോദ്യമാണ്. ഒന്ന് കോ-ഓർഡിനേഷനെ സംബന്ധിച്ച്. കോ-ഓർഡിനേഷനാണ് ഞാൻ അതോറിറ്റിയെക്കുറിച്ച് പറഞ്ഞത്. ഈ അതോറിറ്റി മാത്രമല്ല, അതോറിറ്റിക്ക് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്. അത് ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ളതാണ് പ്രൊപ്പോസൽ. അതിൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ചീഫ് എഞ്ചിനീയർ (റോഡ്സ്) ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, ഐ. ജി. (ട്രാഫിക്) അവരുടെ കോ-ഓർഡിനേഷനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, അന്യ സംസ്ഥാനങ്ങളിൽ ഓടിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങൾ അവിടെനിന്ന് ചെറിയ വിലയ്ക്ക് കച്ചവടം നടത്തി എൻട്രി ടാക്സോ, വെഹിക്കിൾ ടാക്സോ അടയ്ക്കാതെ, ആർ. സി. ബുക്ക് പോലും മാറാതെ ഇവിടെ ഓടിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം വാഹനങ്ങൾ അനധികൃതമായിട്ടുള്ള ഒട്ടനവധി കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഇത്തരം വാഹനങ്ങൾ പിടിച്ചെടുത്തു കഴിഞ്ഞാൽ അതിൻെറ എല്ലാ ടാക്സും കൂടി കണക്കാക്കി ഫൈൻ ഇട്ടു കഴിഞ്ഞാൽ ഈ വണ്ടി വിറ്റാൽപ്പോലും ആ ഫൈൻ അടയ്ക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ഒട്ടനവധി നടപടികൾ ഇവിടെ നടക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനു എന്ത് നിലപാടാണ് ഗവൺമെൻറ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതുപോലുള്ള കാര്യങ്ങൾ പ്രത്യേകിച്ച് ക്രിമിനൽ ഒഫൻസിൽപ്പെട്ടതാണെങ്കിൽ ആ കേസുകൾ ഗവൺമെൻറ് കൈകാര്യം ചെയ്യേണ്ടിവരും. അതിൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറിൻെറ റോൾ കുറച്ചുകൂടി വ്യത്യസ്തമാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് ഗ്യാസ് ഫില്ലിംഗ് പമ്പുകൾ ആരംഭിച്ചു എന്നു അറിയപ്പെടുകയുണ്ടായി. സൂര്യ ഗ്യാസ് പോലുള്ള സ്വകാര്യ ഗ്യാസ് ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോ

LIBRARY ARCHIVES Kerala Legislative Assembly

റിക്ഷ ഉൾപ്പെടെയുള്ള ധാരാളം വാഹനങ്ങളുണ്ട്. അതൊക്കെ പിടിക്കപ്പെടുകയാണ്. വാഹനങ്ങൾ പിടിച്ചെടുക്കുമ്പോൾ വലിയ തുക ഫൈൻ അടിക്കുകയാണ്. ഈ തുക തിരിച്ചടയ്ക്കാൻ കഴിയാതെ തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്തെങ്കിലും പരിഹാരമുണ്ടാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം പരിഗണിക്കാവുന്നതാണ്.

ശ്രീ. എ. കെ. മണി: സർ, ഗതാഗത വകുപ്പുമാത്രമല്ല ഫോറസ്റ്റ്, എക്സൈസ്, പോലീസ് എന്നീ ഡിപ്പാർട്ടുമെൻറുകളും വണ്ടികൾ പിടിക്കുന്നുണ്ട്. ഈ പിടിക്കപ്പെടുന്ന വണ്ടികൾ സംരക്ഷിക്കാൻ ഒരു പൊതുമാനദണ്ഡം ഉണ്ടാകണം. ഏത് വണ്ടി പിടിച്ചാലും ആ വണ്ടി പിടിക്കുന്ന അതേ അവസ്ഥയിൽ തിരികെ കൊടുക്കണം. പിടിക്കുന്ന വണ്ടി റണ്ണിംഗ് കണ്ടീഷനായിരിക്കും. കൊടുക്കുമ്പോൾ റണ്ണിംഗ് കണ്ടീഷൻ അല്ലായിരിക്കും. അങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉള്ളപ്പോൾ ഇത് സംബന്ധിച്ച് ഒരു പൊതുനിയമം കൊണ്ടുവരുന്നതിനു ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ 31 ലക്ഷത്തിലധികം വാഹനങ്ങളുണ്ട്. ഈ പിടിച്ചെടുക്കുന്ന വാഹനങ്ങളൊക്കെ ഏതെങ്കിലും ഒഫൻസിൽപ്പെട്ടതായിരിക്കും. ഒഫൻസിൽപ്പെട്ട വാഹനങ്ങൾ അതിന്റെ പ്രോസസ് കഴിഞ്ഞാൽ മാത്രമേ തിരിച്ചുകൊടുക്കുന്നതിനെപ്പറ്റി ചിന്തിക്കാൻ ഗവൺമെൻറിന് കഴിയുകയുള്ളൂ. പിടിച്ചെടുക്കുന്ന വാഹനങ്ങൾക്ക് ഒരു സാംഗ്ഷനിറ്റി കൊടുക്കുന്ന നിലപാട് എടുക്കാൻ കഴിയില്ല. ക്രിമിനൽ ഒഫൻസിൽപ്പെട്ടതാണെങ്കിൽ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. പി. മോഹനൻ: സർ, പോലീസ് സ്റ്റേഷന്റെ പരിസരത്തു വച്ച് വാഹനങ്ങൾ പിടിക്കുന്ന സമ്പ്രദായമുണ്ട്. പലപ്പോഴും പിടിക്കപ്പെടുന്ന പാവപ്പെട്ടവന്റെ വാഹനത്തിന് മുഴുവൻ ഡോക്യുമെൻറ്സും ഉള്ളതായിരിക്കും. ഡോക്യുമെൻറ്സ് ഇല്ലാത്തവനും കള്ളക്കടത്തുകാരനുമൊക്കെ രക്ഷപ്പെടുകയാണ്. അതൊക്കെ പിടിക്കുന്നത് മോട്ടോർ വെഹിക്കിൾസ് ആക്ട് 154 പ്രകാരമാണ്. അതുപ്രകാരം ആയിരം രൂപ അന്നേരം തന്നെ പിഴ അടയ്ക്കാൻ എഴുതിക്കൊടുക്കുകയാണ്. ഇങ്ങനെ പിടിച്ചെടുക്കുന്ന വാഹനങ്ങൾക്ക് മുഴുവൻ ഡോക്യുമെൻറ്സും ഉണ്ടെങ്കിൽ അത് വിടാൻവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ടു രൂപത്തിൽ മാത്രമേ വാഹനങ്ങൾ പിടിക്കാവൂ എന്ന നിബന്ധനയുണ്ട്. അതിനപ്പുറത്ത് ബഹുമാനപ്പെട്ട അംഗത്തിന് എങ്കിലും പരാതിയുണ്ടെങ്കിൽ എഴുതിത്തന്നാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു: സർ, പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിക്കുന്നതിനെ സംബന്ധിച്ചാണ് ചോദ്യം വന്നിരിക്കുന്നത്. ഏത് ഡിപ്പാർട്ട്മെൻറ് വാഹനം പിടിച്ചാലും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ ജില്ലയിലും പ്രത്യേകം യാർഡുകൾ ഉണ്ടാക്കി വാഹനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അത്തരം യാർഡുകളിലേക്ക് മാറ്റുന്നതിനുള്ള നിയമനിർമ്മാണത്തെ സംബന്ധിച്ച് അങ്ങ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതിന് ഒരു ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി ഉണ്ടാക്കുക എന്നുള്ളതാണ്. അത് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള സ്റ്റെപ്പിലേക്ക് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നു. അതാണ് ഞാൻ പറഞ്ഞത് ജില്ലാകളക്ടർമാരുടെ യോഗത്തിൽവെച്ച് അതിനെക്കുറിച്ച് തീരുമാനം എടുത്തിട്ടുണ്ട്. അത് അതിന്റെ ഇംപ്ലിമെന്റേഷൻ സ്റ്റേജിലാണ് നിൽക്കുന്നത്.

ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

*2 [314] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട് വ്യവസായം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഓട് വ്യവസായം സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേച്ചിൽ ഓട് വിറ്റഴിക്കുന്നതിന് ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ കെട്ടിടങ്ങളും സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിലും ഓട് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഓട് വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,

(എ) ഉണ്ട്.

(ബി) ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളിമണ്ണിന്റെ സംഭരണത്തിനും ഫാക്ടറിയിലെ സംയോജനത്തിനും മുമ്പ് വിശദമായ പരിശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട്. തിരുവനന്തപുരത്തുള്ള റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി സഹകരിച്ച് ഓട് വ്യവസായ നവീകരണത്തിനായി രണ്ടായിരാമാണ്ടിൽ പ്രവർത്തനമാരംഭിച്ചതും സർക്കാർ 30.82 ലക്ഷം രൂപ നൽകുകയും ചെയ്ത പദ്ധതിയുടെ 'റിസോഴ്സ് മാപ്പിംഗ്' പൂർത്തിയായി വരുന്നു. കൂടാതെ സർക്കാർ 'ഡവലപ്പ്മെന്റ് ആൻഡ് ഡമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജി ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ' എന്ന പദ്ധതിയുടെ 'ട്രയൽ റൺ' നടത്തിക്കഴിഞ്ഞു. കമേഴ്സ്യൽ പ്രൊഡക്ഷനുള്ള നടപടി പൂർത്തിയാക്കിവരുന്നു. എനർജി മാനേജ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly